# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1568** 07-03-2018-ൽ
മറുപടി നൽകേണ്ടത്

## ചാലക്കുടിയിലെ റീജണൽ സയൻസ് സെന്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ, പ്ലാനട്ടോറിയം എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | എ) ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ മെയിൻ ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചു. അതിലെ ഗ്യാലറി-യിലെ പ്രദർശന വസ്തുക്കളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, ഔട്ട് ഡോർ ലൈറ്റിംങ് എന്നിവയുടെ നിർമ്മാണവും പൂർത്തീ-കരിച്ചു. ഇന്നവേഷൻ ഹബ്ബിന്റെ പണി ആരംഭഘട്ടത്തിലാണ്. ഒബ്സർ-വേറ്ററി ഡോമിന്റെ പണി പൂർത്തീകരണഘട്ടത്തിലാണ്. ടെലസ്കോപ്പിലേയ്ക്കായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പ്ളാനെറ്റേറിയം |

| | |
|---|---|
| | കെട്ടിട നിർമ്മാണം 2018 ജൂലായിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്ളാനെറ്റേറിയം പ്രൊജക്ടുകൾക്ക് ടെൻഡർ ക്ഷണി-ച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെ-ടുത്തിയിട്ടുള്ളതെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | ബി) 15 മീറ്റർ വ്യാസമുള്ള ഡിജിറ്റൽ പ്ളാനെറ്റേറിയം, 3 ഡി തീയേറ്റർ, ഇന്നവേഷൻ ഹബ്ബ്, മൂന്ന് പ്രദർശന ഗ്യാലറികൾ, ഒരു ആസ്ട്രോണമിക്കൽ ഒബ്സർവേറ്ററി, ലൈബ്രറി, സ്മാർട്ട് ക്ളാസ് റൂം, സയൻസ് പാർക്ക്, ഔഷധ പൂന്തോട്ടം, കഫേറ്റേരിയ, പാർക്കിംഗ് ഏരിയ എന്നിവ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് റിലീസ് ചെയ്തു ലഭിക്കുന്ന മുറയ്ക്ക് 2018 ഡിസംബർ മാസത്തോടു കൂടി നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**